**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3793** **17-03-2025 - ൽ മറുപടിയ്ക്ക്**

**അഖിലേന്ത്യാ സർവീസ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ അഖിലേന്ത്യാ സർവീസിൽ ഐ.എ.എസ്., ഐ.എഫ്.എസ്., ഐ.പി.എസ്. തസ്തികകളിലേക്ക് എല്ലാവർഷവും സ്റ്റേറ്റ് സിവിൽ സർവീസിൽ നിന്നല്ലാതെ സെലക്ഷൻ വഴി നിയമനം നടക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | Indian Administrative Service (Appointment by Selection) Regulation, 1997, പ്രകാരം നോൺ സ്റ്റേറ്റ് സിവിൽ സർവീസ് വിഭാഗത്തിൽ നിന്ന് സെലക്ഷൻ വഴി ഐ.എ.എ.എസിലേക്ക് നിയമനം നൽകാറുണ്ട്. ഇന്ത്യൻ പോലീസ് സർവീസിലേക്കും, ഇന്ത്യൻ ഫോറസ്റ്റ് സർവീസിലേക്കും സെലക്ഷൻ വഴിയുള്ള നിയമനം ഇല്ല. |
| (ബി) | എങ്കിൽ കഴിഞ്ഞ പതിനഞ്ച് വർഷം ഇത്തരത്തിൽ നടത്തിയ നിയമനത്തെ കുറിച്ചുള്ള വിവരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും വർഷവും തിരിച്ച് വ്യക്തമാക്കാമോ; | (ബി) | 2010 വർഷം മുതൽ സെലക്ഷൻ വഴി നിയമനം ലഭിച്ച ഉദ്യോഗസ്ഥരുടെ ലിസ്റ്റ് അനുബന്ധം I-ആയി ചേർത്തിരിക്കുന്നു. |
| (സി) | സെലക്ഷൻ വഴിയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല |
| (ഡി) | പ്രസ്തുത നിയമനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ, മുസ്ലിം, മറ്റ് പിന്നാക്ക വിഭാഗം എന്നിവരുടെ എണ്ണം തിരിച്ചുള്ള വിശദാംശം നൽകാമോ; | (ഡി) | ഇല്ല |
| (ഇ) | ഇത്തരം നിയമനങ്ങളിൽ സുതാര്യത ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | കേരളത്തിലെ വിവിധ സർക്കാർ നിയന്ത്രിത പൊതുമേഖലാ സ്ഥാപനങ്ങളിലും കമ്പനികളിലും ഉള്ള താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിൽ സംവരണ നിയമങ്ങൾ പാലിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എഫ്) | താൽക്കാലിക നിയമനങ്ങളിൽ സംവരണം പാലിക്കുന്നതിനു നിലവിൽ വ്യവസ്ഥയില്ല. താൽക്കാലിക നിയമനം ലഭിച്ച ശേഷം റഗുലറൈസ് ചെയ്യപ്പെട്ടവരുടെ ജാതി തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല. |
| (ജി) | കഴിഞ്ഞ പത്തു വർഷങ്ങൾക്കിടയിൽ ഇങ്ങനെ സ്ഥിരപ്പെടുത്തിയവരുടെ കണക്കുകൾ ജാതി തിരിച്ച വ്യക്തമാക്കാമോ; യാതൊരു മാനദണ്ഡവും | (ജി) | താൽക്കാലിക നിയമനങ്ങളിൽ സംവരണം പാലിക്കുന്നതിനു നിലവിൽ വ്യവസ്ഥയില്ല. താൽക്കാലിക നിയമനം ലഭിച്ച ശേഷം |

| | | | |
|---|---|---|---|
| | ഇല്ലാതെ ഇപ്രകാരം നിയമിക്കുന്നതും സ്ഥിരപ്പെടുത്തുന്നതും നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ നിയമനം നടന്നതിനെതുടർന്ന് സംവരണ സമുദായങ്ങൾക്ക് നഷ്ടപ്പെട്ട തസ്തികകൾ നികത്താൻ മറ്റെന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | | റഗുലറൈസ് ചെയ്യപ്പെട്ടവരുടെ ജാതി തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**<u>കഴിഞ്ഞ 15 വർഷത്തിൽ സെലക്ഷൻ വഴി ഐ.എ.എസിലെയ്ക്ക് നിയമിതരായ കേരള കേഡറിലുള്ള ഉദ്യോഗസ്ഥർ.</u>**

| ക്രമ നം. | സെലക്ഷൻ വർഷം | ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1 | 2010 | --- |
| 2 | 2011 | --- |
| 3 | 2012 | ശ്രീ. എൻ. പത്മകുമാർ |
| 4 | 2013 | --- |
| 5 | 2014 | 1. ശ്രീമതി ആർ. ഗിരിജ<br>2. ശ്രീ. യു വി ജോസ് |
| 6 | 2014 A * | ശ്രീ. ബി.എസ്. തിരുമേനി |
| 7 | 2015 | ശ്രീ. അജയകുമാർ. എ.ആർ |
| 8 | 2016 | ശ്രീ. എ. അലക്സാണ്ടർ |
| 9 | 2017 | ---- |
| 10 | 2018 | ---- |
| 11 | 2019 | ---- |
| 12 | 2020 | 1. ശ്രീ. അലക്സ് വർഗീസ്<br>2. ശ്രീ. ആർ ഗോപകുമാർ |
| 13 | 2021 | 1. ശ്രീ. ദിനേശൻ ചെറുവാട്ട്<br>2. ശ്രീ. നിസാമുദീൻ എ<br>3. ശ്രീമതി. ആനി ജൂല തോമസ് |

| | | |
|---|---|---|
| | | 4. ശ്രീ. സുധീർ കെ<br>5. ശ്രീ. ഷാജി വി.നായർ |
| **14** | **2022** | 1. ശ്രീ. ബിനു ഫ്രാൻസിസ്<br>2. ശ്രീ. ഹരികുമാർ കെ. |

*2014 സെലക്ഷൻ വർഷം രണ്ട് സെലക്റ്റ് ലിസ്റ്റുകൾ ഉണ്ട്.